## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** | **02-02-2024 - ൽ മറുപടിയ്ക്ക്**

## പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിലെ അഫ്ലോടോക്സിന്റെ അളവ് നിയന്ത്രിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ കണ്ടു വരുന്ന അഫ്ലോടോക്സിന്റെ അളവ് നിയന്ത്രിക്കുന്നതിനും ഇവയിലെ ആന്റിബയോട്ടിക് കണ്ടെത്തി നിയന്ത്രിക്കുന്നതിനുമായി പ്രത്യേകം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നതെന്നും ഇതുവഴി എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ; | (എ) | കേരളത്തിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ കണ്ടു വരുന്ന അഫ്ലോടോക്സിന്റെ അളവ് പരിശോധിക്കുന്നതിന് വേണ്ടി സമഗ്രമായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജില്ലാ ഗുണനിയന്ത്രണ ഓഫീസുകളിൽ പാലിലും, കാലിത്തീറ്റയിലുമുള്ള അഫ്ലോടോക്സിൻ M1 പരിശോധിക്കുന്നതിനുള്ള സ്ട്രിപ്പുകൾ, ആയതിൻറെ അളവ് പരിശോധിക്കുന്നതിനുള്ള റീഡർ എന്നിവ വാങ്ങുന്നതിന് പ്രത്യേക പദ്ധതിയുണ്ട്. കൂടാതെ, പാലിലുള്ള ആന്റിബയോട്ടിക് പരിശോധിക്കുന്നതിന് ആവശ്യമായ പ്രത്യേകമായ സ്ട്രിപ്പുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>ജില്ലാതലത്തിൽ ഗുണനിയന്ത്രണ ഓഫീസർമാർ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിലെ അഫ്ലാടോക്സിൻ സാന്നിധ്യം നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നു. അഫ്ലാടോക്സിന്റെ സാന്നിധ്യം അനുവദനീയമായ അളവിലും കൂടുതലുള്ള പാൽ സാമ്പിളുകൾ പ്രത്യേക പരിഗണന നൽകി പരിശോധിക്കുകയും കർഷക തലത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>അഫ്ലോടോക്സിൻ അളവ് കൂടുതലായി കാണുന്ന സംഘങ്ങളിലെ കർഷകർക്കായി ആയത് കുറയ്ക്കുന്നതിനുള്ള പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തുന്നത് കൂടാതെ കാലിത്തീറ്റയുടെ സംഭരണം മുതൽ തീറ്റ നൽകുമ്പോൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ വരെ ഉൾപ്പെടുത്തി കൊണ്ട് ക്ലാസ്സുകളും |

ക്ഷീരകർഷകർക്കായി നടത്തുന്നു. പാലിൽ അടങ്ങിയിട്ടുള്ള ആന്റിബയോട്ടിക് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു. ആയതിനാൽ പാലിലെ ആന്റിബയോട്ടിക്, അഫ്ളാടോക്സിൻ എന്നിവ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് പരിശോധിക്കുകയും ക്ഷീരകർഷകർക്കിടയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് അണുഗുണനിലവാരമുള്ള ശുദ്ധമായ പാൽ ഉപഭോക്താക്കളിൽ എത്തിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിൽ കണ്ടുവരുന്ന അഫ്ളാടോക്സിൻറെയും ആൻറിബയോട്ടിക്കുകളുടെയും നിയന്ത്രണത്തിന് ആവശ്യമായ ഗുണനിലവാര പരിശോധനകൾക്കുള്ള എല്ലാവിധ സജ്ജീകരണങ്ങളും മിൽമയുടെ എല്ലാ ഡയറികളിലും ഒരുക്കിയിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴി കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് പാൽ സംഭരിക്കുന്നത്.

കൂടാതെ, പട്ടണക്കാട്, മലമ്പുഴ എന്നിവിടങ്ങളിലായി സ്ഥിതിചെയ്യുന്ന മിൽമയുടെ 2 കാലിത്തീറ്റ ഫാക്ടറികളിലും കാലിത്തീറ്റയിലും അവയുടെ ഉൽപ്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിലും അഫ്ളോടോക്സിൻറെ അംശം കണ്ടെത്തുന്നതിനുള്ള പരിശോധനകൾക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആയതിനാൽ, മിൽമയുടെ പാൽ, പാലുൽപ്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ അഫ്ളോടോക്സിൻറേയും ആൻറിബയോട്ടിക്കുകളുടെയും അളവ് FSSAI സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന നിലവാരത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

കാലിത്തീറ്റയിൽ കണ്ടുവരുന്ന അഫ്ലാടോക്സിന്റെ അളവ് നിയന്ത്രിക്കുന്നതിന് വേണ്ടി കേരളാ ഫീഡ്സ് Toxin Binder ചേർക്കുന്നുണ്ട്. പൂപ്പൽ വിഷത്തെ പശുവിന്റെ ദഹന വ്യവസ്ഥയിൽ ശരീരത്തിലേക്ക് ആഗിരണം ചെയ്യാതെ ശരീര വിസർജ്യങ്ങളിലൂടെ പുറന്തള്ളിക്കളയാൻ സഹായിക്കുന്ന തീറ്റ ചേരുവയാണ് Toxin Binder.

ഇതു കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് കേരളത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. |
| (ബി) | ഗുണനിലവാരത്തോടുകൂടി പാൽ സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സംഘങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക സർട്ടിഫിക്കേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഗുണനിലവാരത്തോടെയുള്ള പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന നോൺ ആപ്കോസ് (പരമ്പരാഗത) ക്ഷീരസംഘങ്ങളിൽ സർക്കാർ ISO മാതൃകയിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Pilot അടിസ്ഥാനത്തിൽ 14 ജില്ലകളിലും ഓരോ പരമ്പരാഗത ക്ഷീരസംഘങ്ങളെ തെരെഞ്ഞെടുത്ത്, സംഭരിക്കുന്ന പാലിന്റെ അണുഗുണനിലവാരത്തിന്റെ അടിസ്ഥാന ത്തിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ഗുണമേന്മയുള്ള പാൽ സംഭരിച്ചു ഉപഭോക്താക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, ആയത് അതേ ശുദ്ധതയോടെ ഉപഭോക്താക്കളുടെ കൈയിൽ എത്തിക്കുക എന്നതുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ